## തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം

(ഹാജർ : Dr. Chithra S IAS)

സംഗ്രഹം

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ്– ജീവനക്കാര്യം - ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള ഉദ്യോഗകയറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ് നമ്പർ .<LSGD/PD/61094/2023-DEE4>തീയതി:03-07-2025

പരാമർശം: 1) നഗരകാര്യ ഡയറക്ടറുടെ 18/10/2021 തീയതിയിലെ E9-17423/2020 നമ്പർ സീനിയോറിറ്റി ലിസ്റ്റ്
2) ജി.ഒ (പി) 2/7/2021/ധന നമ്പർ ഉത്തരവ്

### ഉത്തരവ്

തദ്ദേശസ്വയംഭരണ വകുപ്പിൽ (മുനിസിപ്പൽ കോമൺസർവ്വീസ്) കണ്ണൂർ നഗരസഭാ കാര്യാലയത്തിൽ ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി രേവതി കെ, കൊല്ലം നഗരസഭാ കാര്യാലയത്തിൽ ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. സി.ജിരേന്ദ്രൻ എന്നിവർ 31/05/2025 -തീയതിയിൽ വിരമിച്ചതു പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിൽ (മുനിസിപ്പൽ കോമൺ സർവ്വീസ്) ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിൽ രണ്ട് ഒഴിവുകൾ സംജാതമായിട്ടുള്ളതാണ്. ടി ഒഴിവുകളിൽ പരാമർശം 1 സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് തസ്തികയിൽ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതും, നിലവിൽ സീനിയറുമായ ജീവനക്കാർക്ക് ടി ജീവനക്കാരുടെ പേരിന് നേരെ ചേർത്തിരിക്കുന്ന കാര്യാലങ്ങളിൽ 43400-91200 ശമ്പള സ്കെയിലിൽ ഫെയർ കോപ്പി സൂപ്രണ്ട് തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയും സ്ഥലംമാറ്റി നിയമിച്ചും ഉത്തരവാകുന്നു.

| ക്രമ നമ്പർ | പേര്, തസ്തിക | നിലവിൽ സേവനത്തിൽ തുടരുന്ന കാര്യാലയം | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന കാര്യാലയവും തസ്തികയും |
|---|---|---|---|
| 1 | സുനന്ദ പി ടി സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് | പൊന്നാനി നഗരസഭ | കണ്ണൂർ കോർപ്പറേഷനിൽ ഒഴിവുള്ള ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിൽ |
| 2 | മേരി അയോള എം പി, സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ് | ജില്ലാ പഞ്ചായത്ത്, എറണാകുളം | കൊല്ലം കോർപ്പറേഷനിൽ ഒഴിവുള്ള ഫെയർകോപ്പി സൂപ്രണ്ട് തസ്തികയിൽ |

1958 ലെ കെ.എസ്. ആന്റ് .എസ്.എസ്.ആർ ജനറൽ റൂൾ 31(എ) പ്രകാരം മുകളിൽ പരാമർശിച്ചിട്ടുള്ള ഉദ്യോഗകയറ്റം തികച്ചും താൽക്കാലികവും പുനഃപരിശോധനയ്ക്ക് വിധേയവുമായിരിക്കും. മേൽ പ്രകാരം ഉദ്യോഗകയറ്റം അനുവദിച്ചതിന്റെ അടിസ്ഥാനത്തിലുള്ള ശമ്പളനിർണ്ണയം/ പുന:നിർണ്ണയം സാമ്പത്തിക ആനുകൂല്യങ്ങൾ എന്നിവ സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ അംഗീകാരത്തിനും പുന:പരിശോധന വിധേയവുമായിരിക്കുന്നതുമാണ്. സ്ഥാനക്കയറ്റം ലഭിച്ച മേൽ ജീവനക്കാരുടെ നിയമനം പൊതുസ്ഥലമാറ്റ ഉത്തരവുകൾക്കും, തദ്ദേശ സ്വയംഭരണ വകപ്പിലെ ഫെയർ കോപ്പി തസ്തികയിലെ അർഹരായ ജീവനക്കാർക്ക് സ്ഥലമാറ്റം/നിയമനം നൽകുന്നതിലേക്കായി പുനഃപരിശോധിക്കുന്നതായിരിക്കും. പുനഃപരിശോധനയുടെ ഭാഗമായി മറ്റൊരു സ്റ്റേഷനിലേക്ക് സ്ഥലം മാറ്റേണ്ടുന്നതായി കാണുന്നപക്ഷം, നിലവിലെ സ്റ്റേഷനിൽ തുടരുന്നതിന് മേൽ ജീവനക്കാർക്ക് അർഹതയുണ്ടായിരിക്കുന്നതല്ല. ഈ ഉത്തരവ് ഉടനടി പ്രാബല്യത്തിൽ വരുന്നതാണ്.

ഈ ഉത്തരവ് വഴി സ്ഥാനക്കയറ്റം ലഭിക്കുന്ന ജീവനക്കാർക്ക് ശമ്പളം പുനർനിർണയിച്ച് ജീവനക്കാരുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

മേൽ റേഷ്യോ പ്രൊമോഷൻ ലഭിച്ചിട്ടുള്ള ജീവനക്കാർ സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ള തസ്തികയിലെ ശമ്പള നിർണയത്തിന് മേൽ പരാമർശിത സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള ഡിക്ലറേഷൻ ബന്ധപ്പെട്ട മേലധികാരിക്ക് നൽകേണ്ടതാണ്

Dr. Chithra S IAS
PRINCIPAL DIRECTOR

ബന്ധപ്പെട്ട ജീവനക്കാർക്ക് (നിയന്ത്രണാധികാരി മുഖേന)

പകർപ്പ് :
1. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
2. സെക്രട്ടറി, കണ്ണൂർ, കൊല്ലം കോർപ്പറേഷൻ.
(കണ്ണൂർ, കൊല്ലം ജില്ലാ ജോയിന്റ് ഡയറക്ടർമാർ മുഖേന)
3. സെക്രട്ടറി
(പൊന്നാനി നഗരസഭ, എറണാകുളം ജില്ലാ പഞ്ചായത്ത്)
4. IT സെക്ഷൻ (വെബ്സൈറ്റ് പ്രസിദ്ധീകരണത്തിന്)
5. സൂപ്രണ്ട് GEA സെക്ഷൻ
6. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Ajith Kumar M P
Date: 04-07-2025 10:34:07